"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശസ്വയംഭരണ വകുപ്പ് - യുനസ്കോ നടപ്പിലാക്കുന്ന ക്രിയേറ്റീവ് സിറ്റീസ് നെറ്റ്‌വർക്ക് പദ്ധതിയുടെ ഭാഗമായി 2024 - ജൂലൈ 1 മുതൽ 5 വരെ പോർച്ചുഗലിലെ ബ്രാഗാ-യിൽ വെച്ച് നടന്ന ആന്വൽ കോൺഫറൻസിൽ കോഴിക്കോട് നഗരത്തെ പ്രതിനിധീകരിച്ച് പങ്കെടുത്ത ഡോ.ബീന ഫിലീപ്പ്.എ (മേയർ), ശ്രീമതി.ബിനി.കെ.യു (കോർപ്പറേഷൻ സെക്രട്ടറി) എന്നിവരുടെ യാത്രയ്ക്ക് സാധൂകരണാനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയംഭരണ (ഇ.എം) വകുപ്പ്**

സ.ഉ.(സാധാ) നം.1248/2024/LSGD തീയതി,തിരുവനന്തപുരം, 09-07-2024

---

പരാമർശം:-

1. യുനെസ്കോയുടെ 23.05.2024 തിയതിയിലെ CLT/DCE/UCCN/24/3185 നമ്പർ കത്ത്.
2. കോഴിക്കോട് കോർപ്പറേഷൻ മേയറുടെ 09.05.2024, 25.05.2024 തീയതിയിലെ കത്തുകൾ.

**ഉത്തരവ്**

യുനസ്കോ നടപ്പിലാക്കുന്ന ക്രിയേറ്റീവ് സിറ്റീസ് നെറ്റ് വർക്ക് പദ്ധതിയുടെ ഭാഗമായി 2023 വർഷത്തിൽ അന്താരാഷ്ട്ര സാഹിത്യനഗരമായി തിരഞ്ഞെടുത്ത കോഴിക്കോട് കോർപ്പറേഷനെ സൂചന (1) പ്രകാരം പോർച്ചുഗലിലെ ബ്രാഗാ-യിൽ വെച്ച് നടക്കുന്ന ആന്വൽ കോൺഫറൻസിൽ പങ്കെടുക്കുന്നതിന് ക്ഷണിച്ചിരുന്നു. പ്രസ്തുത കോൺഫറൻസിലേയ്ക്ക് കോഴിക്കോട് കോർപ്പറേഷനെ പ്രതിനിധീകരിച്ച് ഡോ.ബീന ഫിലീപ്പ് .എ(മേയർ), ശ്രീമതി.ബിനി.കെ.യു (കോർപ്പറേഷൻ സെക്രട്ടറി) എന്നിവർക്ക് 2024- ജൂലൈ 1 മുതൽ 5 വരെ ആന്വൽ കോൺഫറൻസിൽ പങ്കെടുക്കുന്നതിന് അനുമതി നൽകുന്നതിനും ആയതിലേക്കുള്ള Travel, Accommodation, Travel Insurance, Visa Processing, Others മുതലായ ചിലവിനത്തിൽ ആവശ്യമായി വരുന്ന ₹5,56,000/- കോഴിക്കോട് കോർപറേഷന്റെ തനതു ഫണ്ടിൽ നിന്നും അനുവദിച്ച് നൽകുന്നതിനും സൂചന (2) പ്രകാരം സർക്കാരിലേയ്ക്ക് അപേക്ഷിച്ചിരുന്നു.

2) സർക്കാർ ഈ വിഷയം വിശദമായി പരിശോധിച്ചു. യുനസ്കോ നടപ്പിലാക്കുന്ന ക്രിയേറ്റീവ് സിറ്റീസ് നെറ്റ് വർക്ക് പദ്ധതിയുടെ ഭാഗമായി ഡോ.ബീന ഫിലീപ്പ്.എ (മേയർ),

ശ്രീമതി.ബിനി.കെ.യു (കോർപ്പറേഷൻ സെക്രട്ടറി) എന്നിവർ 2024- ജൂലൈ 1 മുതൽ 5 വരെ പോർച്ചുഗലിലെ ബ്രാഗാ-യിൽ വെച്ച് നടന്ന ആന്വൽ കോൺഫറൻസിൽ പങ്കെടുത്തതിന് സാധൂകരണാനുമതി നൽകിയും, ആയതിലേക്കുള്ള Travel, Accommodation, Travel Insurance, Visa Processing, Others മുതലായ ചിലവിനത്തിന് ആവശ്യമായി വരുന്ന ₹5,56,000/- (അഞ്ചു ലക്ഷത്തി അൻപത്തിയാറായിരം രൂപ മാത്രം) കോഴിക്കോട് കോർപ്പറേഷന്റെ തനതു ഫണ്ടിൽ നിന്നും അനുവദിക്കുന്നതിനുള്ള അനുമതി നൽകിയും ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
അനുപമ ടി വി
സ്പെഷ്യൽ സെക്രട്ടറി

മേയർ/സെക്രട്ടറി, കോഴിക്കോട് കോർപ്പറേഷൻ .

പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ്, തിരുവനന്തപുരം.

ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം.

ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം.

ഇൻഫർമേഷൻ & പബ്ലിക് റിലേഷൻ (വെബ് & ന്യൂ മീഡിയ) വകുപ്പ്.

കരുതൽ ഫയൽ [LSGD-EM2/79/2024-LSGD].

ഉത്തരവിൻ പ്രകാരം

Signed by
Vijayakumar D
സെക്ഷൻ ഓഫീസർ
Date: 09-07-2024 18:51:15

പകർപ്പ്:- ബഹു. തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രിയുടെ പി.എസ്. ന്

പ്രിൻസിപ്പൽ സെക്രട്ടറിയുടെ പി.എ. യ്ക്ക്